A1/133/2025-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കേരള സാഹിത്യ അക്കാദമിക്ക് - 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി നിർവഹണത്തിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.305/2025/CLAD തീയതി,തിരുവനന്തപുരം, 26-05-2025

പരാമർശം:- 1. കേരള സാഹിത്യ അക്കാദമി സെക്രട്ടറിയുടെ 26.03.2025-ലെ അപേക്ഷ.

2. 22.04.2025 -ന് കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടി ക്രമം.

**ഉത്തരവ്**

കേരള സാഹിത്യ അക്കാദമിക്ക് പദ്ധതി പ്രവർത്തനങ്ങൾക്കായി 2025-2026 സാമ്പത്തികവർഷം "2205-00-102-97-36(പ്ലാൻ)" എന്ന ശീർഷകത്തിൽ 3,45,00,000/- രൂപ (മൂന്ന് കോടി നാൽപ്പത്തി അഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക സ്ഥാപനത്തിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ കേരള സാഹിത്യ അക്കാദമി സെക്രട്ടറി 22.04.2025 തീയതിയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ സമർപ്പിച്ചിരുന്നു.

2. വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രൊപ്പോസൽ പരിഗണിക്കുകയും കേരള സാഹിത്യ അക്കാദമിക്ക് 2025-2026 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതിപ്രവർത്തനങ്ങൾക്കുള്ള പദ്ധതിച്ചെലവ് 3,45,00,000/- രൂപയായി (മൂന്ന് കോടി നാൽപ്പത്തി അഞ്ച് ലക്ഷം രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് അംഗീകാരം നല്കുകയുമുണ്ടായി.

3. ഈ സാഹചര്യത്തിൽ, വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ച കേരള സാഹിത്യ അക്കാദമിക്ക് ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരമുള്ള 2025-2026 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതിപ്രവർത്തനങ്ങൾ പദ്ധതിച്ചെലവ് 3,45,00,000/- രൂപയായി (മൂന്ന് കോടി നാൽപ്പത്തി അഞ്ച് ലക്ഷം രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ശീർഷകം | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | പ്രസിദ്ധീകരണം | 2205-00-102-97-36 | 45 |
| 2 | ആനുകാലികങ്ങൾ | 2205-00-102-97-36 | 20 |
| 3 | പ്രോഗ്രാം | 2205-00-102-97-36 | 112 |
| | a. ILFK – 87 ലക്ഷം | | |

| | | | |
|---|---|---|---|
| | b. Other Programme - 25ലക്ഷം | | |
| 4 | ലൈബ്രറി ഡെവലപ്മെന്റ് | 2205-00-102-97-36 | 25 |
| 5 | ഡിജിറ്റൈസേഷൻ പ്രോജക്റ്റ് | 2205-00-102-97-36 | 25 |
| 6 | അവാർഡ്ദാനം, അവാർഡുകൾ | 2205-00-102-97-36 | 25 |
| 7 | അക്കാദമി ബിൽഡിംഗ് & കോമ്പൗണ്ട് മെയിന്റനൻസ് ** | 2205-00-102-97-36 | 50 |
| | a . അക്കാദമി മുറ്റം ടൈൽ വിരിക്കുന്നതിന് - 35 ലക്ഷം | | |
| | b . അക്കാദമി ബിൽഡിംഗ് മെയിന്റനൻസ് ചെയ്യുന്നതിന് - 15 ലക്ഷം | | |
| 8 | സെക്യൂരിറ്റി ആന്റ് സർവൈലൻസ് | 2205-00-102-97-36 | 8 |
| 9 | സാഹിത്യ സംഘടനകൾക്ക് ധനസഹായം | 2205-00-102-97-36 | 10 |
| 10 | ക്വാർട്ടേഴ്സ് വാർഷിക മെയിന്റനൻസ് | 2205-00-102-97-36 | 5 |
| 11 | സോളാർ പാനൽ-ഇൻസ്റ്റലേഷൻ ആന്റ് മെയിന്റനൻസ് | 2205-00-102-97-36 | 20 |

| | | | |
|---|---|---|---|
| | ആകെ | | 345 |

** പദ്ധതി പ്രവർത്തനങ്ങളിലെ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണിക്കും അംഗീകാരം ലഭിക്കുന്നതിന്, പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കേണ്ടതാണെന്ന വ്യവസ്ഥക്ക് വിധേയമായി അംഗീകരിച്ചു.

4. ഈ പ്രവൃത്തികൾ താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി കർശനമായി പാലിച്ചാവണം നിർവ്വഹിക്കേണ്ടത്:

1) ഓരോ പ്രവൃത്തിക്കും ബാധകമായ നിലവിലുള്ള നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും ഉത്തരവുകളും പാലിച്ചാവണം പദ്ധതി നിർവ്വഹണം.

2) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സമാഹരണങ്ങൾ (IT അനുബന്ധ സാമഗ്രികൾ ഉൾപ്പെടെ) സ്റ്റോഴ്സ് പർച്ചേസ് റൂൾസിനും ഐ ടി പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കേണ്ടതും വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

3 ) പദ്ധതി ഘടകങ്ങൾക്കുള്ള തുക ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിയ്ക്ക് റിലീസ് ചെയ്ത് നൽകുന്നതിനുള്ള ചുമതല സാംസ്കാരിക വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കാൻ പാടുള്ളൂ.

4) സാംസ്കാരിക വകുപ്പ് ഡയറക്ടറും ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കേണ്ടതും തുകയുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് , തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ,തിരുവനന്തപുരം
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ (വിദ്യാഭ്യാസ സി/പ്ലാനിംഗ് ബി) വകുപ്പ്
സാംസ്കാരിക കാര്യ (ബി) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
Date: 27-05-2025 14:40:31

സെക്ഷൻ ഓഫീസർ